പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

22 (*264) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രഖ്യാപനപ്രകാരം പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയ പദ്ധതികൾ ഏതെല്ലാം ; ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വൻകിട മേൽപാലങ്ങൾ ഉൾപ്പെടുന്ന ജില്ലാ റോഡ് പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾക്കുള്ള ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കുമോ; ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ;

(സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടോ; പ്രസ്തുത വകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക വകയിരുത്താതെ പദ്ധതികൾ പ്രഖ്യാപിക്കുന്ന പ്രവണത പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ - സി) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്, 'സ്പീഡ് കേരള' പരിപാടി എന്നിവ മുഖ്യമന്ത്രിയുടെ പ്രഖ്യാപന പ്രകാരം പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയ പദ്ധതികളാണ്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു മെഗാപ്രോജക്ട് നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്. 10-6-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 801/2015/പൊ.മ.വ. പ്രകാരം പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. പ്രസ്തുത 10 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് വില്പനപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും മേൽ ഒരു ശ്രപാ ക്രമത്തിൽ ചുമത്തിയിട്ടുള്ള അധിക വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതി നടപ്പാക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്.

'സ്പീഡ് കേരള' പരിപാടിയിൽ ഉൾപ്പെടുന്ന കോഴിക്കോട് ദേശീയ പാത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുന്ന പാലാരിവട്ടം ഫ്ളൈ ഓവർ, രാമപുരം-നാലമ്പലംദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുർത്തിയായി വരുന്നു.

DFIP-യിൽ ഉൾപ്പെടുന്ന 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. അതിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് നിബന്ധനകളില്ലാതെ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടയാട്, രാമനാട്ടുകര മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിക്ക് നിബന്ധനകളോടുകൂടിയ അംഗീകാരവും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതുകൊണ്ട് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പ്

23 (*265) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly